**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1300** **07-10-2021 - ൽ മറുപടിയ്ക്ക്**

**നാഷണൽ എഡ്യൂക്കേഷൻ പോളിസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ നാഷണൽ എഡ്യൂക്കേഷൻ പോളിസി നടപ്പാക്കുന്നത് കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിക്കുമെന്ന് ആശങ്ക ഉയർന്നുവന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ എഡ്യൂക്കേഷൻ പോളിസി (കരട്) പ്രസിദ്ധീകരിച്ച വേളയിൽ ഇത് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ 2019 ൽ നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ കരട് പ്രസിദ്ധീകരിക്കുകയും. അത് ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത നയം എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ വിശദമായി ചർച്ച ചെയ്യുകയും ആശങ്കകൾ കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിക്ക കയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ